ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

5 (*305) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

,, സി. പി. മുഹമ്മദ് :

,, വി. ഡി. സതീശൻ :

,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് കാര്യക്ഷമമാക്കുവാൻ ഏതെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ - സി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകിവരുന്നു. കൂടാതെ അഗ്നിശമന സേനയുടെ നവീകരണത്തിന്റെ ഭാഗമായി എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും, എന്നാൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ ഫയർ സ്റ്റേഷനുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്ക് അടിയന്തര സഹായമായി 175.63 കോടി രൂപയ്ക്കുള്ള ശിപാർശ സർക്കാർ പരിശോധിച്ച വരുന്നു. 9-11-2015-ലെ സ.ഉ. (എം.എസ്.) നമ്പർ

LIBRARY ARCHIVES Kerala Legislative Assembly

231/2015/ആഭ്യന്തരം, പ്രകാരം ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായി 924 ലക്ഷം രൂപയ്ക്ക് ഏരിയൽ പ്ലാറ്റ് ഫോം ലാഡർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകട സ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്

6 (*306) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ലോട്ടറി വരുമാനത്തിന്റെ എത്ര ശതമാനമാണ് കാരുണ്യ ബെനവലന്റ് ഫണ്ടായി വിതരണം ചെയ്യുന്നതിന് നീക്കിവെയ്ക്കുവാൻ നയപരമായി തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽനിന്നുള്ള മുഴുവൻ അറ്റാദായവും കാരുണ്യ ബെനവലന്റ് ഫണ്ടായി വിതരണം ചെയ്യുന്നതിനാണ് നയപരമായ തീരുമാനം.

നികുതി വരുമാനത്തിലെ കുറവ്

7 (*307) ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. ശർമ്മ :
,, എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം വാണിജ്യനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുകയും പിരിച്ചെടുക്കാൻ സാദ്ധ്യമായ തുകയും എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly